
# ഡിജിമൊഴി



**രാമവിലാസം എച്ച് എസ് എസ്, ചൊക്ലി**
**ലിറ്റിൽ കൈറ്റ്സ്**
**മാഗസിൻ - 2019-2020**








## രാമവിലാസം ഹയർ സെക്കന്ററി സ്കൂൾ , ചൊക്ലി

കണ്ണൂർ ജില്ലയിലെ ചൊക്ലി മേനപ്രം ദേശത്ത്
ഊരാച്ചേരി ഗുരുനാഥരുടെ വിദ്യാ പാരമ്പര്യവും ,
കവികളുടെ ഊരിന്റെ സാംസ്കാരികമായ അയൽ സാന്നിദ്ധ്യവും,
കനകമലയുടെ പ്രകൃതിസൗന്ദര്യവും പശ്ചാത്തലമായി
പിറവിയെടുത്ത രാമവിലാസം അറുപതാം വാർഷികാഘോഷത്തിന്റെ
നിറവിലാണ് . ശ്രീ കോട്ടയിൽ കൃഷ്ണൻ മാസ്റ്ററെന്ന
സ്ഥാപകമാനേജറുടെ ദീർഘദർശിത്വത്തിന്റെ പാതയിലൂടെ ,
ശ്രീ കോട്ടയിൽ സി കെ ബാലൻ മാസ്റ്ററും പിന്നെ ശ്രീമതി കെ പി സരോജനിയും
സംസ്ഥാനത്തു തന്നെ അറിയപ്പെടുന്ന ഹയർ സെക്കന്ററി സ്കൂളായി
രാമവിലാസത്തെ വളർത്തി .

UN ENDING
SOURCE OF
INSPIRATION



KOTTAYIL
KRISHNAN
MASTER
-FOUNDER
MANAGER



C K BALAN
MASTER
-FORMER
MANAGER

# TRIBUTE



വിദ്യാലയത്തിൽ സാങ്കേതിക വിഭാഗത്തിന്റെ
സർഗരംഗത്തുള്ള ചുവടുവയ്പ്പ്
സ്വാഗതാർഹവും
ഏറെ ആഹ്ലാദം നൽകുന്നതുമാണ് .
കുട്ടികളുടെ സ്വപ്നങ്ങളും ,ചിന്തകളും നിറഞ്ഞ മനസ്സിനെ
തുറന്നിടുന്ന വാതായനങ്ങളാണ്
ഓരോ പുസ്തകവും.
കവിതകളും ,
കഥകളും , ലേഖനങ്ങളും
സഹൃദയ വായനയ്ക്കായി
' സൈബർ പറവകൾ ' മാസികയിൽ
പുറത്തിറങ്ങുന്നതിൽ
ഏറെ സന്തോഷമുണ്ട് .
ആശംസകൾ ...
അനുമോദനങ്ങൾ ...

- സരോജിനി കെ പി
മേനേജർ

മന്ദാനിലന്

സൗരഭ്യമുണ്ടാകുന്നത്
പൂക്കളെ പുൽകി വരുന്നതിനാൽ
ഭാവനയെ തഴുകി വരുമ്പോൾ അക്ഷരങ്ങൾ
സുരഭിലവും വിശുദ്ധവുമാവുന്നു
കുഞ്ഞുമനസ്സിലെ അറിവും അനുഭൂതികളും
തൊട്ടു വരുന്ന അക്ഷരങ്ങൾ
ചേക്കേറുന്ന ചില്ലയായ
വിദ്യാലയ മാഗസിൻ
ക്യാമ്പസ്സുകളിൽ
സർഗവസന്തമൊരുക്കും .
ഈ ചില്ലകളിൽ കുട്ടികൾ
നല്ല അക്ഷരങ്ങളുടെ കൂട്ടുകാരാവട്ടെ
നല്ല വരകളുടെ കാഴ്ചക്കാരാവട്ടെ ...

അഭിനന്ദനങ്ങൾ

' സൈബർ പറവകൾ' മാഗസിനിലെ എഴുത്തുകാർക്ക് ,
അണിയറയിലുള്ളവർക്ക് ....



വിദ്യാഭ്യാസ രംഗത്ത് അറിവുനിർമ്മാണ പ്രക്രിയയിൽ വിവര സാങ്കതികവിദ്യയുടെ സാധ്യത വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് ഇന്ന് . വിവര സാങ്കേതിക വിദ്യകൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കുന്നതിന് വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട് . സാങ്കേതികവിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മ പ്രവർത്തിച്ചു വരികയാണ് . ലിറ്റിൽ കൈറ്റ്സിന്റെ ചടുലമായ പ്രവർത്തനം രാമവിലാസം ഹയർ സെക്കന്ററി സ്കൂളിലും സജീവമായി ഉണ്ട് എന്നത് ഏറെ സന്തോഷകരമാണ് . ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം മാതൃകാപരമാണെന്നതിന്റെ സൂചകമാണ് കുട്ടി കൂട്ടായ്മയിൽ രൂപം കൊണ്ട ഇ-മാഗസിൻ 'സൈബർ പറവകൾ' എന്നതിൽ ഞാൻ അഭിമാനിക്കുന്നു .ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ സർഗ്ഗാത്മക സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു .





മുൻ വാക്ക്

ജീവിത നൗക
തെന്നി നീങ്ങുന്ന നദിയിൽ
പ്രവാഹ വേഗം വിസ്മയജനകം !
ആകാശം വർണ്ണോജ്ജ്വലം !!

പ്രപഞ്ചം
ജീവിതത്തിന് മുമ്പെന്നത്തെക്കാളും
മനോഹരമായ പരിസരമൊരുക്കിത്തന്നിരിക്കുന്ന
അസുലഭ വേള .

വിശേഷിച്ചും
സാങ്കേതിക മികവിന്റെ വെളിച്ചത്തിൽ
വിദ്യാലയ ക്യാമ്പസുകൾ
പഠന പരിസരം സർഗവസന്തം തീർക്കുകയാണ് .

ഇത്
പുതുതലമുറയെ പകർന്നെടുക്കുന്ന
ഡിജിറ്റൽ മൊഴികളുടെ കാലം ...

E D I T O R I A L



ദർശൻ രാജ് പി


Editer



സിദ്ധാർഥ്



ഋത്വിക് പി



അക്ഷിത കെ



അനഘ ഗണേഷ്



അഷിക ദിലീപ്

# പണിപ്പുര





2

## മരടിലെ കാഴ്ച

മരടിലെ
ഹൃദയസ്തംഭന കാഴ്ചകൾ....
നിയമലംഗനത്തിന്റെ മൂക്കുകയറിട്ട
അവശേഷിപ്പുകൾ....
സെക്കന്റുകളിൽ അടിതെറ്റിവീണ
കോടികളുടെ ചിതാഭസ്മക്രൂമ്പാരം....
ഒരുവേള,
        വീഴ്ചയുടെ കാഴ്ചപകർത്താനായി
        ബ്രിഡ്ജ്ജുകളിലും കെട്ടിടങ്ങളിലും
        നിലയുറപ്പിച്ച മാധ്യമപടയും ജനാവലിയും....
        ലക്ഷങ്ങൾ സെർച്ച് ചെയ്ത
        ഗൂഗിളിലെ വൈറൽ രംഗം ....
        ഒരറ്റത്ത്
        തകർന്നുപോയ സ്വപ്നങ്ങളെ
        വിലപിക്കുന്നഗേഹിയും
എന്തേ,
        പുഴയും കായലുമൊക്കെ
        തോണ്ടിയെടുക്കുമ്പോളോർക്കേണ്ടതല്ലേ
        കുഴിമാടങ്ങളാണ് വെട്ടിയതെന്ന് ....
        ഓർക്കുക,
        ജലമാണ് ജീവൻ
        കാക്കുക,
        നാമുള്ളിടത്തോളമിവരെ .....

-അജേഷ്.ആർ

1

## വിദ്യാലയം പ്രതിഭകളിലേക്ക്

'തിങ്കളും താരങ്ങളും തൂവെള്ളി കതിർച്ചിന്തും
തുഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം '

നാലു ചുവരുകളിൽ ഒതുങ്ങേണ്ടതല്ല വിദ്യാലയം. പ്രകൃതിയും ചുറ്റുപാടുകളും പാഠശാലകൾ തന്നെയാണ്. വിദ്യാലയപരിസരത്തുള്ള പ്രതിഭകളെ കണ്ടെത്തുകയും ആദരിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് പൊതുവിദ്യാഭ്യാസവകുപ്പ് ' വിദ്യാലയം പ്രതിഭകളിലേക്ക് ' പദ്ധതി ആവിഷ്കരിച്ചത്. രാമവിലാസം ഹൈയർ സ്കൂളിലെ അഞ്ചുമുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ അറുപതോളം വിദ്യാർത്ഥികൾ വിവിധ ഘട്ടങ്ങളിലായി വിദ്യാലയപരിസരത്തുള്ള പ്രതിഭകളെ ഗൃഹസന്ദർശനം നടത്തി ആദരിച്ചു.

14.11.19 ന് ശിശുദിനത്തിൽ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയും , അധ്യാപകനുമായിരുന്ന ശ്രീ എം. ഹരീന്ദ്രൻ മാസ്റ്ററെ പ്രധാന അധ്യാപിക കെ. എം . പ്രീത ടീച്ചർ ഉൾപ്പെടെ വിദ്യാർത്ഥികളും, അധ്യാപകരുമടങ്ങുന്ന സംഘം വീട്ടിലെത്തി ആദരിക്കുകയും സംവാദിക്കുകയും ചെയ്തു. അധ്യാപകൻ , വാഗ്മി, നാടകക്കാർ, നാടകനടൻ , ഗുരുശ്രേഷ്ഠ അവാർഡ് ജേതാവ് എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. എം. ഹരീന്ദ്രൻ മാസ്റ്റർ പുതുതലമുറയോട് തന്റെ ഭൂതകാലാനുഭവങ്ങൾ പങ്കുവെച്ചു.

15.11.2019 ന് കായിക പ്രതിഭ , സ്പോർട്ട്സ് കൗൺസിൽ ജില്ലാ സെക്രട്ടറി ശ്രീ. ശിവദാസ് സാറിനെ അദ്ദേഹത്തിന്റെ വീട്ടിലെത്തി ആദരിച്ചു. പരിമിതമായ ജീവിത ചുറ്റുപാടിൽ നിന്ന് വളർച്ചയുടെ പടവുകൾ കയറി ഉന്നതിയിലെത്തിയത് ഇച്ഛാശക്തി കൊണ്ട് മാത്രമാണെന്നും, ലക്ഷ്യബോധവും കഠിനാധ്വാനവും കൊണ്ട് മാത്രമേ ജീവിതവിജയം നേടാൻ കഴിയൂ എന്നും വോളിബോൾ കോച്ചു കൂടിയായ ശ്രീ ശിവദാസ് കുട്ടികളെ ഓർമിപ്പിച്ചു. ഭൗതിക നേട്ടത്തിനപ്പുറം സഹജീവിയെ സ്നേഹിച്ചുകൊണ്ട് മനുഷ്യനായി ജീവിക്കാനുള്ള പാഠമാണ് വിദ്യാഭ്യാസം കൊണ്ട് നേടേണ്ടതെന്നും അദ്ദേഹം കുട്ടികളെ ഓർമിച്ചു.

### റിപ്പോർട്ട്:

ചില ചിപ്പികൾ മുത്തിനെ ഒളിപ്പിച്ചാണ് പാഴ്നിലത്ത് കിടക്കുന്നത്. 20.11.2019 ന് രാമവിലാസത്തിലെ കുട്ടികൾ തേടിയെത്തിയത് തൊട്ടടുത്ത വിദ്യാലയത്തിലെ പാചകത്തൊഴിലാളി കൂടിയായ കവി കുമാരി ഗീതയെയായിരുന്നു. കാവ്യലോകത്ത് തന്റേതായ ഇടം കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ചൊക്ലിയുടെ യുവകവി കുമാരി ഗീത നാട്യബാല്യത്തിന്റെ മാധുര്യമൂറുന്ന ഓർമ്മകൾ കുട്ടികൾക്ക് മുന്നിൽ തുറന്നു വെച്ചു. ജീവിതയാത്രയിൽ വഴിവിളക്കായി, കാവലായി നിന്നത് രാമവിലാസമാണെന്ന ഓർമ്മപ്പെടുത്തലോടെയാണ് ഗീത തന്റെ കാവ്യ ജീവിതത്തെകുറിച്ച് സംസാരിച്ചത്. ജീവിതത്തിൽ പിന്നിട്ട ദുർഘടപാതകളെ കുറിച്ച് പറയുമ്പോഴും പുതുലോകത്തെ കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവയ്ക്കുമ്പോഴും യുവകവിയുടെ

കണ്ണുകളിൽ ആത്മവിശ്വാസത്തിന്റെ തിളക്കം കാണാമായിരുന്നു.

"മാലോകർ തുവടിയാം തൊട്ടിലിൽ നിദ്രതൻ
താലോലമേറ്റ് മയങ്ങിക്കിടക്കവേ
തൻ ജീവരക്തമൊഴുകുന്നു പാടത്തു
കണ്ണീരിലൂടെയി ധീരനാം പൂരുഷൻ"

കർഷകന്റെ നെറ്റിയിലെ വിയർപ്പാണ് നാടിന്റെ അന്നം. 25.11.2019 ന് കർഷകപ്രതിഭയായ ശ്രീ. രാഘവേട്ടനെ ( തയ്യിൽ രാഘവൻ ) വീട്ടിൽ ചെന്ന് ആദരിച്ചു. പ്രായാധിക്യം കൊണ്ട് അവശത അനുഭവിക്കുന്നുണ്ടെങ്കിലും കുട്ടികളോടൊപ്പം ചെലവഴിക്കുന്ന നിമിഷങ്ങൾ അനർഘമാണെന്നദ്ദേഹം പറഞ്ഞു. അഭ്യസ്തവിദ്യനായ രാഘവേട്ടൻ കാർഷികവൃത്തി ജീവനോപാധിയായി കണ്ടത് കൃഷിയോടുള്ള താത്പര്യം കൊണ്ടുമാത്രമായിരുന്നു. സ്വാതന്ത്ര്യപൂർവ്വചരിത്രപുസ്തകം കൂടിയായിരുന്ന രാഘവേട്ടൻ ഓർമ്മകളിലേക്ക് ഊളിയിട്ടുമ്പോൾ പലപ്പോഴും ഗദ്ഗദകണ്ഠനായി. തന്നെ കാണാൻ വന്ന വിദ്യാർത്ഥികൾക്ക് നന്ദി പറയുന്നതിനോടൊപ്പം ഈ സന്ദർഭം ഒരുക്കിയ പൊതുവിദ്യാഭ്യാസവകുപ്പിനും അദ്ദേഹം നന്ദി പറഞ്ഞു. ശ്രീമതി കെ. എം പ്രീത, അധ്യാപകരായ സർവ്വശ്രീ സുരേഷ് ബാബു , ഇ.കെ പ്രദീപൻ , സുനിൽ കുമാർ, ടി. പി ശ്രീധരൻ , ഷിവിലാൽ , പി. സജിത, പ്രദീപ് നറോത്ത് തുടങ്ങിയവർ നേതൃത്വം നൽകി. സ്കൂൾ ലീഡർ അഭ്യുക്ത പ്രമോദ്, അനാമിക എൻ.ടി.കെ , അഷിക ദിലീപ് , അർഷ, അക്ഷിത കെ.കെ, ദർശൻരാജ് തുടങ്ങിയവർ പ്രതിഭകളോട് സംവദിച്ചു.

## ഇരുപ്പുറങ്ങൾ

**അ**സ്വാതന്ത്ര്യം :–

**കറുത്ത തുണികൊണ്ട് കണ്ണുകെട്ടി**
**വായിൽ വലിയ തുണി തിരുകി**
**കൈകൾ കെട്ടി കാലുകെട്ടി**
**ചങ്ങലകൊണ്ട് ചുറ്റികെട്ടി**
**ഇരുമ്പഴിയിട്ട കൂട്ടിലടച്ച്**
**ചുറ്റും വലിയ കിടങ്ങുകുഴിച്ച്**
**കിടങ്ങിൽ നിറയെ തീക്കനലിട്ട്**
**പുറമെ വൻമതിൽ കെട്ടിയടച്ച്**
**അധികാരികളാർത്തട്ടഹസിച്ചു**
**ഇതാണിതാണ് ' സ്വാതന്ത്ര്യം'!**

നിങ്ങൾ ആരുമല്ല:–

**'ലോകമേതറവാട് '**
**' നാനാത്വത്തിൽ ഏകത്വം '**
**' സഹോദരീസഹോദരന്മാർ '**
**ഇതൊന്നും നിങ്ങൾക്ക് ബാധകമല്ല.**
**കാരണം . . . . . . . . . .**
**നിങ്ങൾ മനുഷ്യരല്ല**
**നിങ്ങൾ മൃഗങ്ങളല്ല**
**നിങ്ങൾ പക്ഷികളല്ല**
**നിങ്ങൾ പ്രാണികളല്ല**
**നിങ്ങൾ ആരുമല്ല!**

**–സുനേഷ് മലയിൽ**

ഓഫീസിൽ അന്ന് നല്ല തിരക്കായിരുന്നു . ഓഡി കാറിൽ നിന്ന് പണം വലിച്ചെറിയുന്ന ആൾ മുതൽ ഭിക്ഷയെടുത്തു ജീവിക്കുന്ന ആൾ വരെ അന്ന് വന്നു . വൈകീട്ട് എല്ലാവരും പോയപ്പോൾ ഞാൻ ഓഫീസിന്റെ വാതിൽ കുറ്റിയിട്ടു . ഓഫീസിന്റെ ഗെയ്റ്റിൽ കുറച്ച് ബാറുണ്ടായിരുന്നതിനാൽ അടക്കാൻ കുറച്ച് സമയം വേണ്ടി വന്നു . അതും പൂട്ടി ഞാൻ റോഡരികിലൂടെ വീട്ടിലേക്ക് നടന്നു .

വീട്ടിലെത്തി . നല്ല ക്ഷീണമുണ്ടായിരുന്നു . അതുകൊണ്ട് കുറച്ചു സമയം കിടന്നു . എന്റെ വീട്ടിൽ ഒരു പഴയ ടെലിഫോൺ ഉണ്ടായിരുന്നു .അതിൽ എപ്പോഴെങ്കിലുമേ കോളുകൾ വരാറുള്ളൂ . അത് പലപ്പോഴും നാട്ടിൽ നിന്നുള്ളതായിരിക്കും .

ട്രിം ...ട്രിം ... എന്നുള്ള ഒരു ശബ്ദം കേട്ട് ഞാൻ ഉണർന്നു . ഓടി അതിന്റെ അടുത്തെത്തിയപ്പോഴേക്കും അത് കട്ടായിരുന്നു .

ഞാൻ അതിന്റെ അരികിൽ തന്നെ കുറച്ച് സമയം നിന്നു . കുറച്ച് സമയം കഴിഞ്ഞ് ട്രിം ... ട്രിം ... എന്ന ഒച്ച പൂർത്തിയായില്ല , അതിനു മുമ്പെ ഞാനെടുത്തു .ഹലോ എന്ന് ഞാൻ ഫോണിലേക്ക് പറഞ്ഞു . കുറച്ച് സമയം കഴിഞ്ഞപ്പോൾ ഹലോ എന്നുള്ള വിളി കേട്ടു . അത് പെട്ടെന്ന് തന്നെ എന്റെ ഏട്ടന്റെയാണെന്ന് എനിക്ക് മനസ്സിലായി . 'ഹലോ ... ഏട്ടാ എന്താ ഏട്ടന്റെ ശബ്ദം ഇങ്ങനെയിരിക്കുന്നത് .

എന്തെങ്കിലും കുഴപ്പമുണ്ടോ ?' കുറച്ച് സമയം ഒന്നും മിണ്ടിയില്ല . എന്നിട്ട് പറഞ്ഞു ;' കുഴപ്പമൊന്നുമില്ല . നീ എത്രയും പെട്ടെന്ന് നാട്ടിലെത്തണം '. എന്താണെന്ന് ചോദിക്കാൻ പറ്റിയില്ല . അപ്പോഴേക്കും ഫോൺ കട്ടായിരുന്നു .

എനിക്ക് ജോലി ഒഴിവുള്ളത് ഒരു ദിവസം മാത്രമാണ് . അത് ഞായറാഴ്ചയാണ് . അന്ന് ഞാൻ വീട്ടിലേക്ക് പുറപ്പെട്ടു .

ബസ്സിൽ നിന്നിറങ്ങി ഒരു ഓട്ടോ പിടിച്ച് ഞാൻ വീട്ടിനരികിലുള്ള ഒരു പുഴത്തീരത്തെത്തി . എന്നിട്ട് കുറച്ച് മുമ്പോട്ട് നടന്നപ്പേൾ കുട്ടിക്കാലത്ത് അമ്മ കൈ പിടിച്ച് നടന്ന വയലിന്റെ അരികത്ത് എത്തിച്ചേർന്നു . അതിലേ കൂടിയുള്ള എന്റെ വീട്ടിലേക്കുള്ള വഴിയിൽ ഞാൻ നടന്നു .

പെട്ടെന്ന് അമ്മ എന്ന ചിന്ത എന്റെ മനസ്സിലേക്ക് കടന്ന് വന്നു .  പെട്ടെന്ന് കണ്ണുകൾ നിറഞ്ഞു . അമ്മയ്ക്കെന്തെങ്കിലും പറ്റിയിരിക്കുമോ ?

ഞാൻ എന്റെ ഏട്ടന്റെ അരികിലേക്ക് ഓടി . ചേട്ടൻ പറഞ്ഞു : നമ്മുടെ അമ്മ പോയെടാ ...

ദിവസങ്ങൾ കടന്ന് പോയതറിഞ്ഞില്ല . ആഴ്ചകൾ കടന്ന് പോയതറിഞ്ഞില്ല .

ഞാൻ ജോലി ഉപേക്ഷിച്ചു . എന്നെന്നേക്കുമായി എന്റെ അമ്മ ഭിത്തിയിലെ ഒരു ഫോട്ടോ ആയി മാറിയിരുന്നു .

## കേരളത്തിലെ കലകൾ

കലയുടെ കേരളീയരംഗമാണ് കേരളം . ഇവിടെ നാടൻ കലകളുടെയും ക്ലാസ്സിക്കൽ കലകളുടെയും നൂറുക്കണക്കിനു മാതൃകകളുണ്ട് . അവ ദൃശ്യകലകളായും ശ്രവകലകളായും കേരളകത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നു . എന്നാൽ ഇന്ന് സാധാരണ ജനങ്ങളുടെ ജീവിതത്തിന്റെ ചൂടും ചൂരുളും ഉൾക്കൊണ്ട അത്തരം പല കലകളും വിസ്മൃതിയിലായികൊണ്ടിരിക്കുകയാണ് . അപൂർവ്വം ചില കലകളുടെ സംരക്ഷണത്തിനു നമ്മുടെ സ്ക്കൂൾ യുവജനോത്സവങ്ങൾ കാരണമായിട്ടുണ്ട് എന്നത് ഒരു ആശ്വാസമായി .

പുരാധന സംസ്കൃതിയുടെ ഈടുവയ്പുകളാണ് നാടൻ കലകൾ . അതുകൊണ്ട് ഭാഷാസാഹിത്യങ്ങളുടെ വികാസ പരിണാമങ്ങൾ പഠിച്ചറിയുവാനുള്ള പശ്ചാത്തലം ജനസാമാന്യത്തിന്റെ  ഹൃദയത്തുടിപ്പുകളായ നാടൻ കലകളാണെന്ന് പറയാം.

ഗ്രാമീണകലകളിലെ പലതും ഓരോ പ്രത്യേക വിഭാഗക്കാർ പരമ്പരമായി കൈകാര്യം ചെയ്തിരുന്നവയാണ് . തൊഴിൽ ആസ്പദമാക്കിയിട്ടുള്ള പല കലാരൂപങ്ങളും ജനങ്ങളിൽ സ്വാധീനം ചെലുത്തുന്നു. പാണൻ, പുള്ളുവൻ, കണിയാൻ, വേലൻ മുതലായ വിഭാഗക്കാർ അവരുടെ മുഖ്യ ഉപജീവനമാർഗമായി ഗ്രാമീണകലകളെ കണക്കാക്കി പ്രവർത്തിച്ചു. പ്രാചീന ദൃശ്യശ്രവ്യകലകളുടെ സ്ഥാനത്ത് ഇന്നും സിനിമയും, നാടകവും നൃത്തവും, കഥകളിയും, ചലചിത്രഗാനവും  സ്വാധീനം ചെലുത്തി കഴിഞ്ഞു .

നമ്മുടെ ദൃശ്യകലാവിഭാഗത്തിൽ സ്വാധീനം പിടിച്ചു പറ്റിയാണ് കൂത്ത് , കൂടിയാട്ടം, തുള്ളൽ, രാമനാട്ടം, കൃഷ്ണനാട്ടം, കഥകളി, തുടങ്ങിയവ . പുരാണപരിചയത്തിനും പൊതുവിജ്ഞാനത്തിനും മതസംസ്കാരത്തിനും പറ്റിയ ദൃശ്യകലയാണ് കൂത്തും കൂടിയാട്ടവും . ഇതു ചാക്യാൻമാർ ക്ഷേത്രപരിസരങ്ങളിൽ നടത്തിയിരുന്നു. ഇവ പുരാണ ഇതിഹാസങ്ങളിൽ നടത്തി വന്നിരുന്നു . കഥാവസ്തു സന്ദർഭാനുസരണം വിഷയത്തോട് ബന്ധപ്പെടുത്തി സാമൂഹ്യ രാഷ്ട്രീയകാര്യങ്ങൾ പരാമർശിക്കുന്നതിനു ചാക്യർക്ക് സ്വാതന്ത്ര്യമുണ്ട് . മിഴാവ് കൊട്ടുന്നത് നമ്പ്യാരാണ് . കൂടിയാട്ടത്തിനു കൂത്തിൽ നിന്ന് അൽപം വ്യത്യാസമുണ്ട് . അഭിനയത്തെക്കാൾ വാക്കിന് പ്രാധാന്യം നൽകി കൂടുതൽ വാദ്യോപകരണങ്ങളോട് കൂടി നടത്തുന്ന കൂടിയാട്ടത്തിനു ആസ്വാദ്യത കൂടുതലാണ്.

ചാക്യാർകൂത്തിനെ അനുകരിച്ചുണ്ടായ പാഠകവും കൂടിയാട്ടത്തെ അനുകരിച്ചുണ്ടായ കൃഷ്ണനാട്ടം , രാമനാട്ടം, എന്നിവയുടെ ഒരു കാലഘട്ടത്തിൽ കേരളീയരെ സ്വാധിനിച്ച ദൃശ്യകലയായിരുന്നു. രാമനാട്ടം, കൃഷ്ണനാട്ടം , എന്നിവയാണ് കഥകളി പ്രസ്ഥാനത്തിനു പ്രേരണയും പ്രചോദനവും നൽകി.

ഓട്ടൻതുള്ളലും ദൃശ്യകലാവിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ് . പുരാണകഥകളും ആനുകാലിക സംഭങ്ങളും എല്ലാവർക്കും ആസ്വദിക്കത്തക്കവിധം ഏറ്റവും തന്മയത്വത്തോടെ

ലളിതമായ ശൈലിയിൽ രചിച്ചിട്ടുണ്ട് തുള്ളൽ . ഇത് വായിച്ചു രസിക്കാനും പറ്റിയതാണ്. കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ കുടിൽ തൊട്ട് കൊട്ടാരം വരെയുള്ള കേരളീയരെ പുളകമണിയിച്ചിട്ടുണ്ട് .

ദൃശ്യകലാലവിഭാഗത്തിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നതാണ് കഥകളി. രാമനാട്ടത്തോട് ഈ കലയ്ക്ക് സ്ഥായിയായ ബന്ധമുണ്ട് . കൊട്ടാരക്കര തമ്പുരാൻ രചിച്ച രാമനാട്ടം , കഥകളിക്ക് തുടക്കം കുറിച്ചു. കഥകളിക്കു പച്ച , കത്തി , കരി, താടി, മിനുക്ക്, എന്നീ അഞ്ച് വേഷങ്ങൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ, കാണികൾ അമാനുഷത്വത്തിന്റെ പ്രതീതി കഥാപാത്രങ്ങളെ കാണുമ്പോൾ ഉണ്ടാവണമെന്നതാണ് വേഷങ്ങളുടെ ഉദ്ദേശ്യം .

കേളി അരങ്ങുകളി , തോടയം , പുറപ്പാട്ട് , വന്ദനശ്ളോകം മേളപ്പദം എന്നിങ്ങനെ ആറു ചടങ്ങുകൾ കഥകളിക്കുണ്ട് . ഇത് പൂർമായും ദൃശ്യകലയായതുകൊണ്ട് പക്വത നേടിയ ഒരു നടന് മാത്രമേ കഥകളി ശരിയായി അഭിനയിക്കാൻ കഴിയുകയുള്ളൂ. ഉണ്ണിയിവാര്യരുടെയും ഇരയിമ്മൻ തമ്പിയുടെയും ആട്ടകലകൾ മികച്ച നിലവാരം പുലർത്തുന്നു.

ഉണ്ണായിവാര്യരുടെ " നളചരിതം " ആട്ടക്കഥ കേരളത്തിലെ ശാകുന്തളമായി അറിയപ്പെടുന്നു. മോഹിനിയാട്ടം, ഭരതനാട്യം , തുടങ്ങിയ നൃത്തസമ്പ്രദായങ്ങളും നാടകങ്ങളും നമ്മുടെ ദൃശ്യകലാവിഭാഗത്തെ പോഷിപ്പിക്കുന്നു. ഈ ദൃശ്യകലകളെല്ലാം കാണികളുടെ കണ്ണും കരളും കുളിർപ്പിക്കുന്നതാണ്.

കേരളം കലകളാൽ സമ്പന്നമാണെന്നതാണ് ഈ വസ്തുകൾ വെളിവാക്കുന്നത് . വൈവിധ്യമാർന്ന ഭൂപ്രകൃതി കൊണ്ടെന്നപോലെ വൈവിധ്യമാർന്ന കലാസന്പത്താലും അനുഗ്രഹീതമായ നാടാണ് കേരളം എന്ന് നിസ്സംശയം രേഖപ്പെടുത്താവുന്നതാണ്.

-prakeerthi.pp

8th j

# വിലാപം

കാലമേ ഞാൻ നിനക്ക്
അന്യയോ
മരണമേ, നീ എന്നെ
ഓർക്കാത്തതെന്ത്?
നിന്റെ പുണ്യഗേഹത്തിൽ
എനിക്കൊരിടം തരൂ
നിനക്ക് ഞാൻ ഭാര-
മാവില്ലൊരിക്കലും
കാലമേ നിന്റെയുദരത്തിൽ
വളർന്ന എന്നെ നീ
പുറന്തള്ളിയതെന്തിന്
വാനത്തിൽ പറക്കും
പ്രാവായിരുന്നെങ്കിൽ
ഞാൻ സ്വാർത്ഥിയാവില്ലായിരുന്നു
സ്വതന്ത്ര്യയാവുമായിരുന്നു.

-അക്ഷിത കെ .കെ
9 A

3

## നിഴൽ മുഖം

ഇരുമ്പഴികൾക്കുള്ളിലൂടെ അരിച്ചിറങ്ങിയ അരണ്ട വെളിച്ചത്തിൽ അവന്റെ നിഴൽ ചുമരിൽ വികൃതമായി കാണുന്നു. മുറിയിലെ മൂലയിൽ പാദം നിലത്തൂന്നി കുറ്റബോധത്തിന്റെ ചുമട് പേറിയ ഭാരിച്ച ശിരസ്സുമായി അവൻ തളർന്നിരിക്കുന്നു. അവന്റെ നെടുവീർപ്പിന്റെ തേങ്ങൽ മുറിയലാകെ അലയടിച്ച് മുറിയുടെ മൂകത തകർത്തുകൊണ്ടിരിക്കുന്നു.

ബൂട്ട്സ് ഇട്ട രണ്ട് കാലുകൾ സെല്ലിനു മുന്നിൽ വന്നു നിന്നു. എന്നിട്ട് ലാത്തികൊണ്ട് സെല്ലിന്റെ ഇരുമ്പഴികളിൽ അടിച്ചുകൊണ്ട് അയാൾ അലറി.
" സ്വന്തം അമ്മയെ കൊന്ന് സുഖമായി കിടക്കുന്നോടാ ! നീയെല്ലാം ഈ ഭൂമിക്കു തന്നെ ഭാരമാണ്."

വീണ്ടും ലാത്തി വീശി സെല്ലിന്റെ അഴിയിൽ അടിച്ചുകൊണ്ട് അയാൾ അവിടെ നിന്നും കടന്നുപോയി .
അയാളുടെ മൂർച്ചയേറിയ വാക്കുകൾ ശരങ്ങളായി അവന്റെ ഹൃദയത്തിൽ തുളച്ചുകയറി .

" അമ്മയെ , എന്റെ അമ്മയെ....ഞാൻ........"
വാക്കുകൾ വിഴുങ്ങി വിതുമ്പൽ പൊട്ടികരച്ചിലായി തെറിച്ചു വീണു.
" മയക്കുമരുന്നിന്റെ ലഹരി എന്നോട് പറഞ്ഞില്ല കണ്മുന്നിൽ നിന്നത് എനിക്ക് ജീവൻ അറുത്ത് തന്ന എന്റെ അമ്മയാണെന്ന്. എന്റെ കണ്ണിൽ കറുപ്പായിരുന്നു.
നശിച്ച കറുപ്പ്. അമ്മ എന്നും എന്റെ നന്മയേ ആഗ്രഹിച്ചിരുന്നുള്ളൂ. ഞാൻ മയക്കുമരുന്ന് ഉപയോഗിക്കുമ്പോൾ എന്നെ ശകാരിച്ചതും,അത് വലിച്ചെറിഞ്ഞതും എല്ലാം എന്റെ വനന്മയ്ക്കു വേണ്ടിയായിരുന്നില്ലേ? ലഹരിയുടെ അന്ധകാരത്തിൽ എനിക്കൊന്നും അറിയാനായില്ല. ഞാനൊരു മൃഗമായിരുന്നു. അമ്മയുടെ വിരൽ ഒന്ന് മുറിഞ്ഞാൽ പിടയുന്ന എന്റെ മനസ്സിനു പോലും എന്റെ കൈകളെ പിടിച്ചു കെട്ടാൻ ആയില്ല."

4

## പനിനീർപൂപോലെ . . .

തൂണേരി ബ്ലോക്ക് ഓഫീസ് കഴിഞ്ഞ് വലത്തോട്ട് തിരിഞ്ഞ ബസ് ഇടത്തോട്ടേക്ക് തിരിഞ്ഞോടി ബസ് സ്റ്റോപ്പിന് മുമ്പിൽ നിന്നു. തുറന്ന ഡോർ വഴി അകത്തേക്ക് കയറിയ , മുഷിഞ്ഞ വേഷം ധരിച്ച് , കൊണ്ട് നരച്ചകുറ്റിത്താടിക്കാരൻ വീഴാതിരിക്കാൻ ശ്രമിച്ചു കൊണ്ട് പിൻസീറ്റിലേക്ക് നോക്കിയത് തന്നെ എനിക്കിഷ്ടപ്പെട്ടില്ല. പള്ളൂരിലേക്ക് കള്ളുകുടിക്കാൻ പോന്നവനാ. നിന്ന് യാത്രചെയ്താൽ മതി. ഞാൻ മനസ്സിൽ പറഞ്ഞു. എന്റെ അടുത്തിരുന്ന വെളുത്ത് മെലിഞ്ഞ് മുടി കറുപ്പിച്ചയാൾ " കൊറച്ച് നീങ്ങിരിക്ക് ഓനും കൂടി ഇരുന്നോട്ടെ " , എന്ന് പറഞ്ഞപ്പോൾ മനസ്സില്ലാമനസ്സോടെ ഞാൻ നീങ്ങിയിരുന്നു.

അടുത്തിരുന്ന അവർ രണ്ടുപേരും പരസ്പരം പലതും പറഞ്ഞുകൊണ്ടിരുന്നു. പതുക്കെ എന്റെ ശ്രദ്ധ അവരിലേക്കായി. “ അല്ല, ഇന്റെ നാട്ടിലെങ്ങാൻ നല്ല പെങ്കുട്ട്യോളുണ്ടോ? നല്ലൊരു ചെക്കന്ണ്ട് ഗവർമേന്റുദ്യോഗസ്ഥൻ ". വെളുത്ത് മെലിഞ്ഞയാൾ നരച്ചകുറ്റിത്താടിക്കാരനോട് ചോദിച്ചു. പെങ്കുട്ട്യോള്ണ്ടെങ്കിലും കിട്ട്യേൻ പണിയാ, ഇന്നത്തെകാലത്ത്. അയാൾ പറഞ്ഞു. എല്ല ഇനിക്കൊരു മോളില്ലെ. ഓളകല്യാണം കയിഞ്ഞോ? വെളുത്ത മെലിഞ്ഞയാൾ പിന്നെയും ചോദിച്ചു.

നിറഞ്ഞ കണ്ണുകൾ തുടച്ച് നരച്ചതാടി തടവി കൊണ്ട് അയാൾ പറയാൻ തുടങ്ങി. എന്റെ മോള് ഇസ്കൂൾ പഠിക്കുമ്മം തന്നെ ഒരു ചെക്കനുമായി ഇഷ്ടത്തിലായിരുന്നു. ഓള് പ്ലസ്സൂല് പഠിക്കുന്ന സമയത്താ ഞാനും എന്റെ പെണ്ണുങ്ങളും ഇതറിഞ്ഞത് . അയിന് ശേഷം എന്റെ പെണ്ണുങ്ങൾ മോളോട് കടുപ്പത്തിലാ പെരുമാറ്യത് . മോള മനസ്സ് കുഞ്ഞുങ്ങളമനസ്സ് പോല്യയായിരുന്നു. ഞാൻ പല വഴിയും ആലോചിച്ചതാ ഒരു പ്രശ്നോം വരാതെ നോക്കാൻ . കുട്ട്യോള് തമ്മില് ഇഷ്ടപ്പെട്ട് പോയില്ലെ പിന്നെങ്ങന്യാ മുറിച്ച് മാറ്റ്വാ.

എന്റെ പെണ്ണുങ്ങളെ ചീത്ത വിളി കേട്ട് ആത്ത് കാരി വാതിലടച്ചതാ എന്റെ മോള്. വാതിൽ ചവിട്ടിപെളിച്ച് ആത്ത് കയറുമ്മത്തേക്ക് ഓള് പണികയിച്ചിനെടോ.

വീണ്ടും കണ്ണ് തുടച്ച് ഇടറുന്ന ശബ്ദത്തിൽ അയാൾ പറഞ്ഞു. അയിന് ശേഷം എന്റെ പെണ്ണുങ്ങള് തളന്ന് കെടപ്പാ. രണ്ട് കൊല്ലായിറ്റ് ഓള പറഞ്ഞിറ്റും കാര്യല്ല . അങ്ങനെ പോറ്റ്യേതല്ലേ ഓള് എന്റെ മോളെ.

എല്ലാം കേട്ടിരുന്ന എന്റെ കണ്ണുനിറഞ്ഞത് ആരും തുടക്കുമ്പോൾ ഉയർന്നുവന്ന നെടുവീർപ്പിൽ എന്റെ പെങ്ങളുമുണ്ടായിരുന്നു ഒരു പനിനീർ പൂപോലെ . . .

അവന്റെ മനഃസാക്ഷി അവനെ കീറിമുറിച്ച് കൊന്നുകൊണ്ടേയിരുന്നു. അവൻ മുഷ്ടി ചുരുട്ടി തന്റെ ഇരുണ്ട നിഴൽ മുഖത്ത് ആഞ്ഞടിച്ചു. ചുമരിൽ തലതല്ലി അലറി കരഞ്ഞു. ഒടുവിൽ തളർന്ന് അവൻ നിലത്തേക്ക് വീണു. തന്റെ വലതുകൈതന്നെ വായിലേക്ക് തിരുകി. ഞരമ്പുകൾ പല്ലിനടിയിൽ ഞെരിഞ്ഞുമുറിഞ്ഞു.


അവന്റെ കണ്ണുകൾ ചുമരിലെ നിഴലിലേക്ക് നോക്കികൊണ്ടേയിരുന്നു. സെല്ലിന്റെ ഇരുമ്പഴികൾക്കിടയിലൂടെ ഹൃദയം മുറിഞ്ഞ അവന്റെ രക്തം നിലം പറ്റി മെല്ലെ പുറത്തേക്കൊഴുകി പടർന്ന് തീരുന്നത് വരെ മാത്രം !!...

- അക്ഷിത കെ. കെ
9 A

## പെയ്തൊഴിയാത്ത ഓർമകൾ

കാലചക്രങ്ങൾ മാറി മറയവേ...
ഓർമകൾ ഓളങ്ങളായി നീന്തി തുടിക്കവേ ...
തോരാത്ത രാത്രിതൻ കണ്ണീരുമായി
കർക്കിട പേമാരി ആടിതിമിർക്കവേ
ഒരു കൊച്ചു പുതപ്പിനുള്ളിൽ ഒതുങ്ങി
ആ രാഗം കാതോർക്കവെ...
ഓർമകൾ എന്നെയും കൂട്ടി എങ്ങോ പറക്കവെ...
വയലേലകളും കുന്നും കുളവും മനസ്സിൽ തെളിഞ്ഞു
പച്ചപ്പട്ടു വിരിച്ചൊരു നെൽപ്പാടവും...
പുതുമഴ പെയ്ത് നിറഞ്ഞ കുളങ്ങളും ...
പരൽമീനുകൾ നിറഞ്ഞൊരു തോടുകളും ...
ഒറ്റതോർത്ത് മുണ്ട് വലയാക്കി മാറ്റി
ചെറുപരൽമീനുകളെ കുപ്പിയിലാക്കി
കൊണ്ടു നടന്ന ബാല്യവും ...
പറവയെപ്പോലെ വയലേലകൾ തട്ടി
തഴുകി ഓടി കളിച്ച കാലം...
മുറ്റത്തെ തൈമാവിൻ  ചുവട്ടിൽ
മണ്ണപ്പം ചുട്ടതും ഓർമ തന്നെ ...
കുന്നിമണികുരുവോളം എൻ ഓർമകൾ...
ഓരോ മഴയിലും തെളിയുന്ന ചിത്രങ്ങൾ...

-Amuritha prakash
8th A




REDMI NOTE 7 PRO
AI DUAL CAMERA

